LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി : സർ, കഴിഞ്ഞ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളോടും കോർപ്പറേഷനുകളോടും അവർ ചെയ്യേണ്ടതായിട്ടുള്ള കാര്യങ്ങൾ കൃത്യമായി ചെയ്യാൻ വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അക്കാര്യം ഒന്നുകൂടി ആവശ്യപ്പെടും. രണ്ടാമത്, ശമ്പള പരിഷ്കരണത്തിന്റെ കാര്യത്തിലും സമയബന്ധിതമായി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. അതും നമുക്ക് പരിഹരിക്കാൻ കഴിയുമെന്നതന്നെയാണ് പ്രതീക്ഷ. മുനിസിപ്പാലിറ്റിയെ സംബന്ധിച്ചിടത്തോളം കണ്ടിജന്റ് ജീവനക്കാർ വളരെ പ്രധാനപ്പെട്ടതാണ്. അവർ ഒരു ദിവസം ജോലിയെടുത്തില്ലെങ്കിൽ നഗരം വൃത്തികേടാകുന്ന സ്ഥിതി വരും. അക്കാര്യം മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് സർക്കാർ പ്രവർത്തിക്കുന്നത്.

10.54 എ.എം.]

IV സബ്മിഷൻ

1. അപകട മരണങ്ങൾ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, കേരളത്തിന്റെ യുവത്വം കടലിലും റോഡിലുമായി പൊലിഞ്ഞു തീരുകയാണ്. കഴിഞ്ഞ ശനിയാഴ്ച കോവളത്ത് അഞ്ചു ജീവനുകളാണ് കടലിൽ മുങ്ങി മരിച്ചത്. മൂന്നാഴ്ച മുമ്പ് മറ്റൊരു ചെറുപ്പക്കാരനും അവിടെ ജീവനൊടുക്കി. ഇവരുടെ മൃതദേഹംപോലും കണ്ടെടുത്ത് ബന്ധുക്കൾക്ക് നല്കാൻ സർക്കാരിന് കഴിയുന്നില്ല. നേവിയും കോസ്റ്റ് ഗാർഡും ഐ.എസ്.ആർ.ഒ. പോലും തിരച്ചിലിനെ സഹായിക്കുന്നു എന്നാണ് പത്രങ്ങളിൽ കാണുന്നത്. യാതൊന്നും നടക്കുന്നില്ലെന്നാണ് നാട്ടുകാർ പറയുന്നത്. രണ്ടുപേരുടെ മൃതദേഹങ്ങൾ കരയ്ക്കടുപ്പിച്ചത് പാവപ്പെട്ട മത്സ്യത്തൊഴിലാളികളാണ്. അവരുടെ സേവനം മാത്രമേ കാര്യമായി നടക്കുന്നുള്ളൂ; മറ്റുള്ള കാര്യങ്ങളെല്ലാം പ്രഹസനങ്ങൾ മാത്രമാണ്. ലോകനിലവാരത്തിലുള്ള ടൂറിസ്റ്റ് കേന്ദ്രമാണ് കോവളം. വിദേശികളും സ്വദേശികളുമായി അനേകായിരങ്ങൾ അവിടെ വരുന്നുണ്ട്. അവരുടെ പണം നമ്മുടെ ഖജനാവിൽ ഒരു മുതൽക്കൂട്ടാണ്. എന്നാൽ അവർക്ക് യാതൊരു സൗകര്യവും സർക്കാർ ചെയ്തുകൊടുക്കുന്നില്ല. ലോകത്ത് ഏതെങ്കിലും കടൽത്തീരത്ത് ഈവിധം മനുഷ്യജീവൻ പൊലിയുന്ന വാർത്ത കേട്ടിട്ടുണ്ടോ? കോവളത്ത് ലൈഫ് ഗാർഡുകളെ നിയമിച്ചിട്ടുണ്ട്. സന്ധ്യ മയങ്ങുമ്പോൾ ആ പാവങ്ങൾ വീട്ടിൽ പോകും ; അതിനുശേഷമാണ് ഈ വിധത്തിലുള്ള മുങ്ങിമരണങ്ങൾ നടക്കുന്നത്. ലൈഫ് ഗാർഡുകൾക്കാണെങ്കിൽ തുച്ഛമായ ശമ്പളമാണ് കൊടുക്കുന്നത്.

ഇരിക്കാൻപോലും അവർക്ക് സൗകര്യമില്ല. ഇത്രയും ടൂറിസ്റ്റുകൾ വരുന്ന കടപ്പുറത്ത് മുഴുവൻ സമയവും ലൈഫ് ഗാർഡുകളെ നിയമിക്കാൻ എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല ? അതുപോലെ അവർക്കാവശ്യമായ ഉപകരണങ്ങളും പ്രവർത്തന സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നുമില്ല. ഇതൊക്കെ ടൂറിസം വകുപ്പിന്റെയും സർക്കാരിന്റെയും ചുമതലയാണ്. അതൊന്നും നിർവ്വഹിക്കാത്ത സർക്കാരാണ് ഈ മരണങ്ങൾക്ക് ഉത്തരവാദി. അതിനാൽ മരണം ആവർത്തിക്കാതിരിക്കാനുള്ള അടിയന്തരനടപടികൾ സർക്കാർ സ്വീകരിക്കണം. മരിച്ച കുട്ടികളെല്ലാം പഠിക്കുന്ന കാര്യത്തിൽ മിടുക്കന്മാരായിരുന്നു. ഭാവിയുടെ വാഗ്ദാനങ്ങളായ അവരുടെ നഷ്ടം സംസ്ഥാനത്തിന്റെ നഷ്ടമാണ്. അതുകൊണ്ടുതന്നെ ഈ കുടുംബാംഗങ്ങൾക്ക് ആവശ്യമായ നഷ്ടപരിഹാരം നല്കാൻ സർക്കാർ തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, കോവളം ബീച്ച് ഉൾപ്പെടെ കേരളത്തിലെ സമുദ്രതീരങ്ങളിൽ 139 ലൈഫ് ഗാർഡുകളെ നിയമിച്ചിട്ടുണ്ട്. കോവളത്തുതന്നെ 30 ലൈഫ് ഗാർഡുകളും 2 സൂപ്പർവൈസർമാരും ഒരു ചീഫ് കോ-ഓഡിനേറ്ററും ഉൾപ്പെടെ 33 പേരെ നിയോഗിച്ചിട്ടുണ്ട്. അവരുടെ സേവനം രാവിലെ 7.00 മണി മുതൽ വൈകുന്നേരം 7.00 മണിവരെയാണ്. ഇതിനുപുറമെ, ടൂറിസം പോലീസിന്റെ സേവനവും ലഭ്യമാണ്. ബീച്ചുകളിൽ സുരക്ഷാ ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. ലൈഫ് ഗാർഡുകൾ വൈകുന്നേരം അവരുടെ സമയം കഴിയുമ്പോൾ അവിടെയുള്ളവരെ പറഞ്ഞുവിട്ടതിനുശേഷമാണ് പോകുന്നത്. അതിനുശേഷവും പോയവർതന്നെ തിരിച്ചുവരാം, അല്ലെങ്കിൽ പുതിയ ആളുകൾ വരാം; അങ്ങനെയുള്ള പ്രശ്നങ്ങളുണ്ട്. ഏതായാലും സമുദ്രതീരങ്ങളിൽ ആളുകൾ മരിക്കുന്നത് വളരെയധികം ആശങ്കയുളവാക്കുന്ന ഒരു കാര്യം തന്നെയാണ്. അടുത്തദിവസം കോവളം ബീച്ചിൽ 4 പേർ മരണപ്പെട്ട നിർഭാഗ്യകരമായ ഒരു സംഭവമുണ്ടായി. ലൈഫ് ഗാർഡുകളുടെ സേവനവ്യവസ്ഥകൾ സംബന്ധിച്ച് കൂടുതൽ ആനുകൂല്യങ്ങൾ വേണമെന്നുള്ള ആവശ്യം ഗവൺമെന്റിന്റെ മുന്നിലുണ്ട്. ഈ സഭയിലെ ഒരംഗമായ ശ്രീ. വർക്കല കഹാറാണ് സംഘടനയുടെ പ്രസിഡന്റ്. അവരുടെ വേതനം 400 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതിലും കൂടുതൽ വേണ മെന്നുള്ള ആവശ്യവും ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. അതുസംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമുണ്ടാക്കും. അതുപോലെതന്നെ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള സംവിധാനം, നമ്മൾ പലപ്പോഴും നേവിയുടെയും കോസ്റ്റുഗാർഡിന്റെയും സേവനമാണ് ഉപയോഗിക്കുന്നത്. കോവളത്ത് നാലു

LIBRARY ARCHIVES Kerala Legislative Assembly

പേരുടെ മൃതദേഹങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തി, അതിൽ രണ്ടു മൃതദേഹങ്ങൾ മാത്രമേ കിട്ടിയിട്ടുള്ളൂ. ബാക്കി രണ്ടു മൃതദേഹങ്ങളുടെ തിരച്ചിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. തീരപ്രദേശങ്ങളിൽ അടുത്തകാലത്തുണ്ടായ അപകടങ്ങളുടെ പശ്ചാത്തലത്തിൽ സുരക്ഷാ നടപടികൾ എന്തൊക്കെയാണ് വേണ്ടതെന്നും രക്ഷാപ്രവർത്തനത്തിൽ ഏതുവിധത്തിലുള്ള കോ-ഓർഡിനേഷൻ വേണമെന്നുള്ളതും ആലോചിക്കും.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u> : സർ, ആറുമണിയാകുമ്പോഴേക്കും താല്ക്കാലിക ജീവനക്കാരായ കോസ്റ്റുഗാർഡുകൾ പോകും; പിന്നെ അവിടെ ആരുമില്ല. ആറുമണി കഴിഞ്ഞ് വരുന്നത് ഇതുപോലുള്ള മിടുക്കന്മാരായ കുട്ടികളാണ്; അവരാണ് അപകടത്തിൽപ്പെടുന്നത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, രാവിലെ 7.00 മണി മുതൽ വൈകുന്നേരം 7.00 മണിവരെയാണ് കോസ്റ്റുഗാർഡുകളുടെ ജോലി സമയം. 7.00 മണിക്ക് ഇവർ പോകുമ്പോൾ അവിടെയുള്ളവരെ പറഞ്ഞുവിട്ടിട്ടാണ് പോകുന്നത്. എന്നാൽ പറഞ്ഞുവിട്ടവർതന്നെ വീണ്ടും തിരിച്ചുവന്നാൽ ബുദ്ധിമുട്ടാണ്. ഏതായാലും രാത്രികാലത്തുകൂടി ലൈഫ് ഗാർഡുകളുടെ സേവനം വിനിയോഗിക്കുന്ന കാര്യം ഗവൺമെന്റ് നിശ്ചയമായും പരിഗണിക്കും.

11.00 എ.എം]

2. ധീരതയുള്ള അവാർഡ്

<u>ശ്രീ. സി. കെ. നാണു</u> : സർ, വടകര നിയോജക മണ്ഡലത്തിലെ ചോറോട് പഞ്ചായത്തിലെ ഹാരിസ് ഉൾപ്പെടെ ആറ് മത്സ്യത്തൊഴിലാളികൾ മത്സ്യ ബന്ധനത്തിനു പോയപ്പോൾ കരയിൽനിന്ന് ഏകദേശം അര കിലോമീറ്റർ ദൂരത്തുവച്ച് അവരുടെ ബോട്ട് മറിയുകയുണ്ടായി. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള മത്സ്യത്തൊഴിലാളികൾ കടലിലിറങ്ങാൻ പാടില്ലെന്നുള്ള നിർദ്ദേശത്തെ അവഗണിച്ചാണ് പോയത്. കുറച്ച് കാലമായി മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാതെ പട്ടിണി കിടന്ന മത്സ്യത്തൊഴിലാളികളിൽ പലരുമാണ് കടലിലേയ്ക്ക് വള്ളങ്ങളുമായി പോയത്. അതിൽ നീന്തൽ അറിയാമായിരുന്ന നാലാളുകളോട് നീന്തി രക്ഷപ്പെടാൻ പറയുകയും നീന്തൽ അറിയാത്ത ആളിനെ ഹാരിസ് സ്വന്തം ശരീരത്തോട് ചേർത്ത്പിടിച്ച് രക്ഷപ്പെടുത്താനുള്ള ശ്രമം നടത്തുകയും ചെയ്തു. അല്പനേരം കഴിഞ്ഞപ്പോൾ ചേർത്തുപിടിച്ചയാൾ താഴേയ്ക്ക് പോകുകയും വീണ്ടും അദ്ദേഹത്തെ പിടിച്ചുകൊണ്ടുവന്ന്, ബോട്ടിൽ രണ്ട്

LIBRARY ARCHIVES Kerala Legislative Assembly